പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4844 — 22.3.2018 -ൽ മറുപടിയ്ക്ക്

## അന്യസംസ്ഥാന വിനോദസഞ്ചാരികളുടെ എണ്ണം

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരുടെ എണ്ണം വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | 2016 കലണ്ടർ വർഷത്തെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ 2017 കലണ്ടർ വർഷത്തിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 11.39 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. 2017-ലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ ആകെ എണ്ണത്തിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികൾ 37.07 ശതമാനമാണ്. 2016 വർഷത്തിൽ ഇത് 33.95 ശതമാനം മാത്രമായിരുന്നു. ആയതിനാൽ 2017 കലണ്ടർ വർഷത്തിൽ കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിലും ശതമാനത്തിലും മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവുണ്ടായിട്ടുണ്ട്. |
| ബി) | തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര ഒഴികെയുള്ള സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ വിനോദസഞ്ചാരകേന്ദ്രങ്ങൾ സന്ദർശിക്കുന്നവരുടെ എണ്ണം മൊത്ത ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണവുമായി താര്യതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണെന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ് കാരണങ്ങൾ എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്; | ബി) | തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര ഒഴികെയുള്ള സംസ്ഥാനങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളുടെ എണ്ണം താരതമ്യേന കുറവാണ്. 2017-ലെ കണക്കനുസരിച്ച് മൊത്തത്തിലുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ മൊത്തം എണ്ണത്തിന്റെ 62.93 ശതമാനവും കേരളത്തിൽ നിന്നാണ്. തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നുള്ളത് ആകെയുള്ളതിന്റെ 18.76 ശതമാനമാണ്. എന്നാൽ 18.31 ശതമാനം മാത്രമാണ് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളത്. |
| സി) | അന്യസംസ്ഥാനത്ത് നിന്നുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ വിനോദസഞ്ചാരനയത്തിൽ | സി) | കേരളത്തിലെത്തുന്ന വിനോദസഞ്ചാരികളെ മറ്റു രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികൾ, സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള വിനോദസഞ്ചാരികൾ, സംസ്ഥാനത്തിന് |

| | | | |
|---|---|---|---|
| | എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇത്തരം സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | | അകത്തുതന്നെ സഞ്ചാരം നടത്തുന്നവർ എന്നിങ്ങനെ തരം തിരിച്ചുകൊണ്ടാണ് സർക്കാരിന്റെ പുതിയ ടൂറിസം നയം ആവിഷ്കരിച്ചിട്ടുള്ളത്. അഞ്ച് വർഷത്തിനിടെ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 50 ശതമാനം വർദ്ധനവ് ടൂറിസം നയം ലക്ഷ്യമിടുന്നു.<br>ആധുനിക സാങ്കേതിക വിദ്യകളും, നവമാധ്യമങ്ങളും പരമാവധി പ്രയോജനപ്പെടുത്തുന്നതോടൊപ്പം ദേശീയവും, അന്തർദേശീയവുമായ ടൂറിസം മേളകൾ, റോഡ് ഷോകൾ എന്നിവയിൽ പങ്കെടുത്തും, പുതിയ വിപണന മേഖലകളുടെ കണ്ടെത്തലിനും പുതിയ നയം പ്രാധാന്യം നൽകുന്നു. പുതിയ നയത്തിൽ ലക്ഷ്യമിടുന്ന സംഗതികൾ താഴെ പറയുന്നവയാണ്.<br>1. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക<br>2. വിനോദസഞ്ചാരികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക<br>3. പാരിസ്ഥിതിക പരിഗണനകൾക്ക് മുൻതൂക്കം നൽകിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുക<br>4. പ്രാദേശിക തലത്തിലുള്ള വിനോദസഞ്ചാര വികസന പദ്ധതികൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക<br>5. യുവ സഞ്ചാരികളെ ആകർഷിക്കുന്നതിനായി സാഹസിക വിനോദസഞ്ചാരത്തിന് പ്രത്യേക ഊന്നൽ നൽകുക<br>6. ലോക വിനോദസഞ്ചാര ഭൂപടത്തിൽ കേരളത്തെ ആഗോള ബ്രാൻഡായി വികസിപ്പിക്കുക<br>7. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും കേരളത്തിന്റെ വിപണി വിഹിതം ഗണ്യമായി വർദ്ധിപ്പിക്കൽ<br>8. വിപണനത്തിന് ആധുനികവും, നൂതനവുമായ മാർഗ്ഗങ്ങളും, നൂതന സാങ്കേതിക വിദ്യയുടെ പ്രയോജനപ്പെടുത്തലും. |

**സെക്ഷൻ ഓഫീസർ**